കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി 3-64/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ: lfaddistofficeknr@gmail.com

തിയ്യതി :08.02.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
ഉദയഗിരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ഉദയഗിരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

.

നം കെ.എസ്.എ./കെ.എൻ.ആർ./സി -3-64/2017

തീയതി : 08.02.2017

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 18 അന്വേഷണക്കുറിപ്പുകളിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05-01-2017 മുതൽ 17-01-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ.ലതീഷ് കുമാർ.കെ.കെ | ഓഡിറ്റർ |
| 3 | ശ്രീ.ബാബു. കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജോയിച്ചൻ പള്ളിയാലിൽ | 01-04-2015 മുതൽ 31-10-2015 വരെ |

| | | |
|---|---|---|
| | ശ്രീമതി മിനി മാത്യു | 12-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ.ഡി.നാരായണൻകുട്ടി | 01-04-2015 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 11-11-2015 താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്ന ഭരണ ചുമതല

1. ശ്രീ. ഡി.നാരായണൻകുട്ടി , ഗ്രാമപഞ്ചായത്ത് സെക്രട്ടറി

2. ശ്രീ. സുനീഷ്.കെ , കൃഷി ഓഫീസർ

3. ശ്രീമതി. ശ്രീലത.സി.കെ , ഐ.സി.ഡി.എസ് സൂപ്പർവൈസർ

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ.സുനീഷ്.കെ | 01-04-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ.മുഹമ്മദ് ബഷീർ | 01-04-2015 | 31-03-2016 |
| 3 | വെറ്ററിനറി സർജൻ | ഡോ.ബിജോയി വർഗ്ഗീസ് | 01-04-2015 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ഷൈലജ വർമ്മ | 01-04-2015 | 31-03-2016 |
| 6 | അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി.ശ്രീജ.യു | 01-04-2015 | 31-03-2016 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത.സി.കെ | 01-04-2015 | 31-03-2016 |
| 8 | അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ. ബിനോയി.പി.സി | 01-04-2015 | 19-08-15 |

| | | | | |
|---|---|---|---|---|
| | | ശ്രീ.സി.കെ.പങ്കജാക്ഷൻ | 20-08-15 | 31-03-2016 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ.ജോസഫ് മാത്യു | 01-04-2015 | 31-03-2016 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം<br>പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ഗ്രാമസഭകൾ |
| ഭാഗം 2<br>വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 12 | 2-1 | പരസ്യനികുതി ഈടാക്കാതത്ത് സംബന്ധിച്ച്. |
| 13 | 2-2 | ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല |
| 14 | 2-3 | വാടകക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് വാർഷിക വർദ്ധനവ് വരുത്തുന്നില്ല |
| 15 | 2-4 | വസ്തുനികതി ഈടാക്കിയത് വസ്തുനികതി നിർണ്ണയ രജിസ്റ്റർ.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. |
| ഭാഗം 3<br>ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തി: മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചടവ് പലിശ ഈടാക്കിയില്ല. |
| 17 | 3-2 | സംയുക്ത പദ്ധതി : തുക അധികം നൽകിയത് സംബന്ധിച്ച് |
| 18 | 3-3 | ഗ്രന്ഥശാലാവരി ഒടുക്ക് : അപാകങ്ങൾ |
| 19 | 3-4 | കാലിത്തൊഴുത്ത് നിർമ്മാണം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായല്ല നടപ്പിലാക്കിയത് 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 20 | 3-5 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് എൻ. എ.സി. വാങ്ങിയില്ല 14000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 21 | 3-6 | മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കിയില്ല 3,00,000 |

| | | |
|---|---|---|
| | | രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 22 | 3-7 | മരാമത്ത് പ്രവൃത്തികൾ- വാറ്റ് ഇനത്തിൽ തുക ഈടാക്കിയതിൻ കുറവ് |
| 23 | 3-8 | ഇ.എം.എസ്സ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല |
| 24 | 3-9 | കേന്ദ്രസഹായം ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്. |
| 25 | 3-10 | ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികൾ |
| 26 | 3-11 | പശ്ചിമഘട്ട വികസന പദ്ധതി : |
| 27 | 3-12 | ആശ്രയ പദ്ധതി അവലോകനം |
| 28 | 3-13 | പാലിയേറ്റീവ് പരിചരണം-പ്രവർത്തന വിശകലനം |
| 29 | 3-14 | മഹാത്മാ ഗാന്ധിതൊഴിലുറപ്പ് പദ്ധതി -അവലോകനം |
| ഭാഗം -4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 33 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 34 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |

| | | |
|---|---|---|
| 36 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 37 | 4-8 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 38 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 40 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 41 | അനുബന്ധം-2 | Income&Expenditure Statement |
| 42 | അനുബന്ധം-3 | Receipt& Payment Statement |
| 43 | അനുബന്ധം-4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് PR No.36/2015 തീയതി 26 -03-2015 പ്രകാരം അംഗീകാരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 76,61,144 | 1,90,36,417 | | | |
| വരവ് | 7,30,89,698 | 3,36,79,870 | | 3,94,09,828 | (-)53.9 |
| ആകെ | 8,07,50,842 | 5,27,16,287 | | 2,80,34,555 | (-)34.7 |
| ചെലവ് | 8,02,10,649 | 4,83,41,491 | | 3,18,69,158 | (-)39.7 |

| | | | | | |
|---|---|---|---|---|---|
| നീക്കിയിരിപ്പ് | 5,40,193 | 43,74,796 | | | |

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-2016 | 31-07-2016 | 20-07-16 | തിരിച്ചയച്ചിട്ടില്ല | -- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൻെറ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ന്യൂനതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഡപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. വസ്തുനികുതി (തൻ വർഷം) കുടിശ്ശികയിനത്തിൽ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുക യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പിനേക്കാൾ കൂടുതലാണ്.
4. വസ്തുനികുതി / കുടിശ്ശിക വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. Purchase of material-storesഎന്ന ഇനത്തിൽ ബാലൻസ് ഷീറ്റിൻെറ B4 ഷെഡ്യൂളിൽ 1,88,170/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത്തരത്തിൽ നീക്കിയിരിപ്പില്ല.
6. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ ക്രമീകരിക്കുവാനുള്ള തുകകൾ(1,50,000 രൂപ) ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
   7. ഷോപ്പിങ്ങ് കോപ്ലക്സ് ലോൺ ഇനത്തിൽ 18,37,782 രൂപ ഉണ്ടായിരുന്നെങ്കിലും ബാലൻസ് ഷീറ്റിൽ 18,37,780 രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്.

# 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,90,36,417 |
| വരവ് | 3,36,79,870 |

| | |
|---|---|
| ആകെ | 5,27,16,287 |
| ചെലവ് | 4,83,41,491 |
| നീക്കിയിരിപ്പ് | 43,74,796 |

## 1-5 ഫണ്ട് വിനിയോഗം 2015-16

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20,97,104 | 75,25,314<br>(58,51,770)- 'ട്രാൻസ്ഫർക്രെഡിറ്റ് മുഖേനയുള്ള വരവ്) | 96,22,418 | 96,22,418 | - | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 8,59,402 | 22,72,500 | 31,31,902 | 23,72,500 | 7,59,402 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 84,600 | -- | 84,600 | ---- | 84,600 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 23,25,597 | 88,81,345 | 1,12,06,942 | 1,12,06,942 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 12,14,916 | 13,42,163 | 25,57,079 | 25,57,079 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 22,39,917 | 42,65,100 | 65,05,017 | 46,11,600 | 18,93,417 | 0 |
| ലോക ബാങ്ക് സഹായം | 31,14,351 | 30,32,637 | 61,46,988 | 30,32,637 | 31,14,351 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 20,377 | 1,70,62,973 | 1,70,83,350 | 1,70,82,915 | | 435 |

| | | | | | | |
|---|---|---|---|---|---|---|
| ബി.ഫണ്ട് | 0 | 2,84,53,010 | 28,45,310 | 2,84,53,010 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 147 | 5,56,65,832 | 102 | 3,50,48,976 | 37 | 8 | 69.3 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.2 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,89,509 | 15,13,551 | (-)5,75,958 | (-)27.5 |
| നികുതിയേതര വരവുകൾ | 2,69,004 | 1,47,700 | (-)1,21,304 | (-)45 |
| മറ്റുവരവുകൾ | 2,00,634 | 9,30,579 | (+)7,29,945 | (+)36.3 |
| ആകെ | 25,59,147 | 25,91,830 | (+)32,683 | (+)1.2 |

## 1-8 ക്ഷേമപദ്ധതികൾ

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 |
|---|---|

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81,720 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 25,05,210 | 271 |
| വിധവാപെൻഷൻ | 58,25,160 | 553 |
| വാർദ്ധക്യകാലപെൻഷൻ | 1,74,66,870 | 1,796 |
| വികലാംഗപെൻഷൻ | 21,72,210 | 192 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,21,840 | 22 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-12-16മുതൽ 29-12-16വരെ | 01-10-16 മുതൽ 30-11-16 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18- 02-11മുതൽ 01-03-11വരെ | 2005-06 മുതൽ 2019-10 | 04-04-11 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 1,720 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3-8-2004 ലെ 22675/L3/99 നം സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്.പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭായോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽ പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-2016 കാലയളവിൽ രണ്ടു തവണ മാത്രമേ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളൂ. യോഗം ചേർന്നിട്ടുള്ളതിൽ ക്വാറം തികയുന്നുണ്ട്. സ്ത്രീ പങ്കാളിത്തം കൂടുതലുണ്ട്. 2015-16 പദ്ധതി രൂപീകരണം, തൊഴിലുറപ്പ് ആക്ഷൻ പ്ലാൻ, 2016-17 വാർഷികപദ്ധതി രൂപീകരണം, കരട് പ്രൊജക്ട് അംഗീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഇത് മേൽ സർക്കുലറിന് വിരുദ്ധമാണ്. മേൽ സർക്കുലറിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് കൃത്യമായ ഇടവേളകളിൽ ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കാത്തത് സംബന്ധിച്ച്.

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതിയിനത്തിൽ വരവൊന്നും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പരസ്യനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച പരസ്യനികുതി ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും ഈടാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മരാമത്ത് പ്രവൃത്തി : ടെണ്ടർ ഫോറം വില / നിർമ്മാണതൊഴിലാളി ക്ഷേമനിധി ഒടുക്ക് :-അപാകങ്ങൾ

1. ഇ-ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നില്ല. 2015-16 വർഷം ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പവർത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 1 | 37 | ശാന്തിപുരം-ആലുംമൂട്ടിൽപടിനേഡ് റോഡ് ടാറംഗ് | 3 | 4,200 |
| 2 | 147 | കാർത്തികപുരം-പാറോത്തുംമല റോഡ് പാച്ച് വർക്ക് & ടാറംഗ് | 2 | 3,200 |
| 3 | 148 | വായ്ക്കമ്പ-കുന്നേപ്പടി റോഡ് പാച്ച് വർക്ക് & ടാറംഗ് | 3 | 5,000 |
| 4 | 115 | പൂവൻഞ്ചാൽ GUPS റിപ്പേർ | 3 | 4,800 |

2. നിർമ്മാണ തൊഴിലാളി ക്ഷേമനിധി തുക ഒടുക്കൽ ; രേഖകൾ ഹാജരാക്കിയില്ല.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽനിന്നായി ആകെ 1,93,444/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് ഒടുക്കിയതിൻെറ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 2-3 വാടകക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് വാർഷിക വർദ്ധനവ് വരുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ നിലവിൽ വാടകയ്ക്ക് നൽകുന്ന 12 കെട്ടിട മുറികൾ ഉണ്ട് ഇവ 2009-10 മുതൽ 2014-15 വരെ ഒരേ നിരക്ക് ഈടാക്കിയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്,2015-16 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള വാടക 5 % വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്.നടുവിൽ സർവ്വീസ്സ് സഹകരണ ബാങ്കിന് വാടകയ്ക്ക് നൽകിയ പഞ്ചായത്ത് കെട്ടിടം UP XI-717 നിലവിലുള്ള വാടകയായ 2,400 രൂപയിൽ നിന്ന് 2015-16 വർഷം 5000 രൂപയായി വർദ്ധിപ്പിച്ചുണ്ടെങ്കിലും ആയത് ഒടുക്കുന്നതിന് പകരം 2,400 രൂപ പ്രതി മാസം ഒടുക്കിയതായി കാണുന്നു,വിശദ വിവരങ്ങൾ ചുവടെ നൽകുന്നു.

| അടച്ച തുക | അടവാക്കേണ്ട തുക | കുറവ് |
|---|---|---|
| 24000 x12=28800 | 5000 x12 =60000 | 31,200 |

ബാക്കിയായ 31,200 രൂപയും പിഴപ്പലിശയും പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് അധീനതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ വാർഷിക വർദ്ധനവ് വരുത്തേണ്ടതിനെ കുറിച്ച് ഇത് സംബന്ധിച്ച നിലവിലുള്ള ബൈലോയിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തത് വാർഷിക വർദ്ധനവ് വരുത്തുന്നതിന് തടസ്സമാകുന്നു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികതി ഈടാക്കിയത് വസ്തുനികതി നിർണ്ണയ രജിസ്റ്റർ.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുറവായാണ് ഈടാക്കിയത്

| ക്രമ നം | കെട്ടിട നംപർ | ഉടമസ്ഥന്റെ പേര് | തറവിസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗം | ഡിമാന്റ് നം | ഈടാക്കിയ വസ്തുനികതി |
|---|---|---|---|---|---|---|
| 1 | I-317A | എം.ഡി മലബാർ സാന്റ്& സ്റ്റോൺ ക്രഷർ പ്രൈ.ലി.പരപ്പ | 254 M2 | വ്യവസായം M sand unit | 6542 | 3,429 172 |
| 2 | I-317B | ; | 80.04 | മെസ് ബിൽഡിങ്ങ് | 6,543 | 360 18 |
| 3 | I-317C | : | 33.18 | പമ്പ് ഹൗസ് | 6,544 | 449 23 |

ഗ്രാമപഞ്ചായത്തിന്റെ 19.10.2011 ലെ110/2011 നംപർ തീരുമാന പ്രകാരം (ഫയൽ നം എ4/3843/11 തീ.19.10,2011) മറ്റ് വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികതി നിരക്ക് 40 രൂപ/സ്ക്വ.മീ. ആണ്.എന്നാൽ പ്രസ്തുത കെട്ടിടത്തിന് (ക്രമ നം 1) അടിസ്ഥാന വസ്തുനികതി ചുമത്തിയിരിക്കുന്നത് 15 രൂപ/സ്ക്വ.മീ. എന്ന നിരക്കിലാണ്.ക്രമ നം 2 കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിയത് ഗാർഹിക കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി നിരക്കായ

5 രൂപ/ സ്ക്വ.മീ.ലാണ്.ക്രമ നം 3 പമ്പ് ഹൗസ്സിന് വസ്തുനികതി ഈടാക്കിയിരിക്കുന്നത് 15 രൂപ സ്ക്വയർ മീറ്റർ എന്ന നിരക്കിലാണ്,ക്രമ വൽക്കരിച്ച ബിൽഡിങ്ങ് പെർമിറ്റ് പ്രകാരം വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിൽ ഉൾപ്പെടുന്നതാണ് പ്രസ്തുത കെട്ടിടങ്ങൾ.വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ(12/15-16 തീ.10.01.2017) തുക താഴെപ്പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

| കെട്ടിട നമ്പർ | റസീറ്റ് നം | തുക |
|---|---|---|
| I-317 A | 3/11.1.17 | 6,001 |
| I-317 B | 4/11.1.17 | 2,649 |
| I-317 C | 5/11.1.17 | 783 |
| ആകെ | | 9,433/- |

തുക അടവാക്കിയത് വസ്തുനികതി നിർണ്ണയ രജിസ്റ്റർ,വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തി: മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചടവിന് പലിശ ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസി. എഞ്ചിനിയർ

പ്രോജക്ട് നം. :112/15-16 മൂരിക്കടവ് കൃഷിഭവൻ (സബ് സെന്റർ) റിപ്പേർ

എസ്റ്റിമേറ്റ് : 4,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

കൺവീനർ : ശ്രീ.സാബു മുണ്ടക്കൽ

മൊബിലൈസേഷൻ അഡ്വാൻസ് :1,00,000/- രൂപ

എഗ്രീമെന്റ് നം.: AE/Lsgd/UP/37/15-16/28-09-15

സപ്ലിമെന്ററി എഗ്രീമെന്റ് നം AE/Lsgd/UP/37(4)/15-16/28-09-15

ബിൽ നം. :35/15-16/23-12-15 ---1,00,000/-

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ച മേൽ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

ഈ പദ്ധതി ഉപേക്ഷിക്കുവാനുണ്ടായ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 13/10-01-17 )മറുപടിയായി,നാട്ടുകാർ റിപ്പയർ പ്രവൃത്തി നടത്തേണ്ടെന്നും അവിടെ പുതിയ കെട്ടിടം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ ഭരണ സമിതി ഈ പ്രവൃത്തി ഉപേക്ഷിക്കുവാൻ തീരുമാനിച്ചെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.

മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ ബിൽ നം. 35/15-16/23-12-15 പ്രകാരം 1,00,000/- രൂപ കൺവീനർക്ക് നൽകിയത് 06-09-16 ന് 3604-00-200-92(5) {മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)} എന്ന ഹെഡിൽ തിരിച്ചടച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ കൈപ്പറ്റിയ തുക തിരിച്ചടച്ചപ്പോൾ ത.സ്വ.ഭ. വകുപ്പിന്റെ 8.07.2005 ലെ 8906(11)ഡി.പി 3/05 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം 18 % പലിശ ഈടാക്കേണ്ടതായിരുന്നെങ്കിലും ആയത് ഈടാക്കിയിട്ടില്ല.പലിശ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 സംയുക്ത പദ്ധതി : തുക അധികം നൽകിയത് സംബന്ധിച്ച്

പ്രോജക്ട് നം. :77/15-16 ചീക്കാട് പ്ലാൻറ്റേഷൻ റോഡ് ടാറിംഗ് & റീ ടാറിംഗ്

എസ്റ്റിമേറ്റ് : 20,00,000 /-

ബിൽ നം : 103/15-16/ 31-03-16 ---6,37,108 (മെയിന്റനനസ് ഗ്രാന്റ് -റോഡിതരം)

ബിൽ നം : 104/15-16/ 31-03-16 ---3,22,892 (വികസന ഫണ്ട-ജനറൽ )

20,00,000/- രൂപ വകയിരുത്തി കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയ്യ നടപ്പിലാക്കിയ മേൽ പദ്ധതിക്ക് 10,00,000/- രൂപയാണ് ( 1:1 അനുപാതം) ഗ്രാമപഞ്ചായത്ത് വിഹിതം.ഈ പ്രവൃത്തിയുടെ ആകെ മൂല്യം 15,63,846/- രൂപയായിരുന്നു.പദ്ധതി പൂർത്തിയാക്കിയപ്പോൾ ഗ്രാമപഞ്ചായത്ത് വിഹിതമായ മുഴുവൻ തുകയും (10,00,000/- രൂപ)

ജില്ലാ പഞ്ചായത്തിന് നൽകുകയാണുണ്ടായത്. യഥാർത്ഥത്തിൽ പദ്ധതിക്ക് വകയിരുത്തിയ തുകയുടെ അനുപാതം അനുസരിച്ച് 7,81,923/- രൂപ മാത്രമേ ജില്ലാ പഞ്ചായത്തിന് നൽകേണ്ടതുള്ളൂ.ഗ്രാമപഞ്ചായത്തിന് മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാമായിരുന്ന 2,18,077/- രൂപ പാഴാക്കികളയുകയാണുണ്ടായത്. ഭാവിയിൽ സംയുക്ത പ്രൊജക്ടുകൾക്ക് തുക നൽകുമ്പോൾ കൃത്യമായ വിഹിതം മാത്രം നൽകേണ്ടതാണ്.

## 3-3 ഗ്രന്ഥശാലാവരി ഒടുക്ക് : അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഗ്രന്ഥശാലാവരിയിനത്തിൽ ഈടാക്കുന്ന തുക സമയബന്ധിതമായി ഒടുക്കുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-09-15 ലെ സർക്കുലർ നം.10088/എൽ 3/05 പ്രകാരം ഗ്രന്ഥശാലാവരിയിനത്തിൽ ഈടാക്കുന്ന തുകയുടെ ഒന്നാം ഗഡു ഏപ്രിൽ 30കവും രണ്ടാം ഗഡു നവംബർ 30 നകവും അടക്കേണ്ടതാണ്. തൻവർഷം ഗ്രന്ഥശാലാവരിയിനത്തിൽ 22-03-16 ന് 33,562/- രൂപ ഒടുക്കിയിട്ടുണ്ടെങ്കലും ഇത് 2013-14 രണ്ടാം അർദ്ധവർഷത്തേതാണ്.ഗ്രന്ഥശാലാവരി മേൽ സർക്കുലറിലെ നിർദ്ദേശാനുസരണം സമയബന്ധിതമായി ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കാലിത്തൊഴുത്ത് നിർമ്മാണം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായല്ല നടപ്പിലാക്കിയത് 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി-കാലിത്തൊഴുത്ത് നിർമ്മാണം

നിർവ്വഹണം-വെറ്ററിനറി സർജ്ജൻ

അടങ്കൽ-40,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ.നം P2/15-16 തീ.22.2.2016 --- 35,000രൂപ

ബിൽ നം.P6/15-16 തീ.23.2.16 5000 രൂപ

മേൽ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടി 8 ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതം നൽകിയിട്ടുണ്ട് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ(സ.ഉ.(എം.എസ്) നമ്പർ 362/2013/തസ്വഭവ തീ.16.11.2013 )ഖണ്ഡിക 3.2(6ൽ പരാമർശിച്ച പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇതേ സർവ്വേ നംപറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന വെറ്ററിനറിസർജ്ജൻ സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷമാണ് ധനസഹയം അനുവദിച്ചത് എന്നതിനുള്ള രേഖകൾ ലഭിച്ചതിനു ശേഷമല്ല ധനസഹായം അനുവദിച്ചത് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.18/15-16 തീ.13.1.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ 40,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് എൻ. എ.സി. വാങ്ങിയില്ല 14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി-മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – S0107/16

നിർവ്വഹണം-വെറ്ററിനറി സർജ്ജൻ

ബിൽ.നം. p3/15-16 തീ.22.2.2016 – 14,000 രൂപ

പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഉഷാർ ഡിസ്ട്രിബ്യൂട്ടേഴ്സ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് 14,000 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്.മരുന്നുകൾ ലഭ്യമല്ല എന്ന ജില്ലാ വെറ്ററിനറി ആഫീസ്സറുടെ സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.18/15-16 തീ.13.1.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ 14,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കിയില്ല 3,00,000

<u>രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

.

നിർവ്വഹണം-വെറ്ററിനറി സർജ്ജൻ

പശു വളർത്തൽ(എസ്സി) SO 142/16

പശു വളർത്തൽ(എസ്.ടി) SO 141/16

ബിൽ നം.P5./15-16 തീ.24.02,16 – 60, 000 രൂപ

ബിൽ നം.P7./15-16 തീ.23.03,16 – 20,000 രൂപ

ii)ബിൽ നം.P8./15-16 തീ.23.03,16 – 80,000 രൂപ

ബിൽ നം.P4./15-16 തീ.24.02.16 – 1,40,000 രൂപ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ(സ.ഉ.(എം.എസ്) നമ്പർ 362/2013/തസ്വഭവ തീ.16.11.2013)ഖണ്ഡിക 3.1. പ്രകാരം ഉരുക്കളെ മൂന്ന് വർഷം വളർത്തുമെന്ന കരാർ വയ്ക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും 1 വർഷത്തെ കരാർ ഉടമ്പടി മാത്രമാണ് ഗുണഭോക്താക്കൾ വച്ചിരിക്കുന്നത്.പർച്ചേസിങ്ങ് കമ്മറ്റി നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ഗുണഭോക്താക്കൾ അടങ്ങിയ കമ്മറ്റി രൂപീകരിക്കുവാൻ നിർദ്ദേശമുണ്ടെങ്കിലും ആയത് രൂപീകരിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.മേൽ ഖണ്ഡികയിലെ കുറിപ്പ് 6 പ്രകാരം ഉരുക്കളെ ആരിൽ നിന്ന് വാങ്ങുന്നുവോ അവരുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ്,അക്കൗണ്ട് പെയി ചെക്കായോ സബ്സിഡി നൽകണം എന്ന് പ്രതിപാദിച്ചിരിക്കുന്നു.എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് സബ്സിഡി നൽകുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.18/15-16 തീ.13.1.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ 3,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>മരാമത്ത് പ്രവൃത്തികൾ- വാറ്റ് ഇനത്തിൽ തുക ഈടാക്കിയതിൻ കുറവ്</u>

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2015 -16 വർഷം കൺവീനർമാർ ഏറ്റെടുത്ത് നടത്തിയ റോഡ് പ്രവൃത്തികളിൽ വാറ്റ് ഇനത്തിൽ തുക റിക്കവറി നടത്തി ഒടുക്ക് വരുത്തുന്നതിൽ കുറവുണ്ടായിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനമാക്കി വാറ്റ് വകയിരുത്തി ഒടുക്ക് വരുത്തുന്നതിന് പകരം താറിന്റെ വില കഴിച്ചുള്ള തുകക്ക് വാറ്റ് കണക്കാക്കിയതിനാലാണ് ഈ ഇനത്തിൽ കുറവുണ്ടായിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം.&പേര് | ആകെ പ്രവൃത്തിമൂല്യം | ഈടാക്കി ഒടുക്കേണ്ടിയിരുന്ന വാറ്റ് (@5%) | ഈടാക്കി ഒടുക്കിയ വാറ്റ് | കുറവ് വന്ന തുക | ടാർ വില കഴിച്ചിട്ടുള്ള പ്രവൃത്തിമൂല്യം കണക്കാക്കിയത് |
|---|---|---|---|---|---|---|
| 1 | SO 46/16- | 4,14,309 | 20,715 | 15,148 | 5,567 | 302960 |

| | | | | | | |
|---|---|---|---|---|---|---|
| | കണയക്കാട്ടുപടി ചെറുലല്ലരി റോഡ് ടാറിംഗ് | | | | | |
| 2 | SO 47/16 മണക്കടവ് ചേലച്ചുവട് മധുവനം റോഡ് ടാറിംഗ് | 7,87,249 | 39,362 | 30,572 | 8,790 | 611434 |
| ആകെ | | | | | 14,357 | |

വാറ്റ് ഇനത്തിൽ ഈടാക്കുവാൻ കുറവുവന്ന 14,357/- രൂപ കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് .

## 3-8 ഇ.എം.എസ്സ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇ.എം എസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇവ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരമസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തിപൂർത്തിയാക്കാത്തപക്ഷം നല്കിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | നൽകുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | ശശി കാട്ടുമറ്റത്തിൽ, മണക്കടവ് | 65,000 | 10,000 |
| 2 | വസന്തകുമാരി, മല്ലിയോടൻ, പൂവ്വൽച്ചാരം | 40,000 | 35,000 |
| 3 | ഋഷികേശൻ, കാരക്കാട്ട് , കുടാപറമ്പ് | 65,000 | 10,000 |

| | | | |
|---|---|---|---|
| 4 | സുഗറ , ചെറിയപുരയിടത്തിൽ, ലഡാക്ക് | 22,500 | 52,500 |
| 5 | ഗോപി മണക്കടവ് | 65,000 | 10,000 |
| 6 | ചന്ദ്രൻ മാത്തേപറമ്പിൽ, മണക്കടവ് | 42,500 | 32,500 |
| 7 | ഓമന മോഹനൻ, പുലിക്കാരി, ലഡാക്ക് (എസ്.ടി) | 1,15,000 | 10,000 |

## 3-9 കേന്ദ്രസഹായം ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്

3.9.2010 ലെ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 39033/ ഡി.സി.2/2010 ത. സ്വ .ഭ . വ ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പദ്ധതി ( എസ്. എൻ. പി )വഴി ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻ വാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും ,കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ,അംഗൻവാടികളിൽ കുടിവെള്ളം , വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ , ഭക്ഷണം വിതരണം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ എന്നിവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. 2015-16 വർഷം സെൻട്രൽ ഷെയർ ഇനത്തിൽ ലഭിച്ച തുകയിൽ 4,55,986 രൂപ നീക്കിയിരിപ്പായി ഉണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 23 അംഗൻവാടികളിൽ 4 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 23അംഗൻവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. 17അംഗൻവാടികൾക്ക് വൈദ്യുതി സൗകര്യമില്ലെന്നിരിക്കെ സെൻട്രൽ ഷെയർ നീക്കിയിരിപ്പ് തുക ഈ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അംഗൻവാടി പൂരക പോഷകാഹാര പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ(സ.ഉ.(എം.എസ്)

നമ്പർ 362/2013/തസ്വഭവ തീ.16.11.2013 )ഖണ്ഡിക 3.10(ii) പരാമർശിച്ച പ്രകാരം അങ്കണ വാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം ഭക്ഷണം സ്വീകരിക്കുന്നവരുടേയും എണ്ണവും ഗുണ നിലവാരവും കൂടെകൂടെ പരിശോധിക്കുന്നതിനു വേണ്ടി വെൽഫയർ കമ്മറ്റിക്കുപുറമേ ഗ്രാമ സഭാ അംഗങ്ങളിൽ നിന്ന് പൊതു സമ്മതരായ അഞ്ച് പേർ അടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും അംഗൻ വാടികൾ സന്ദർശിക്കുകയും പോഷകാഹാരം ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമ പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് അത്തരത്തിലുള്ള നടപടികൾ സ്വീകരച്ചിട്ടില്ല.സെന്റർ നം 78 പൂവൻ ചാൽ 2015 ഒക്ടോബർ മാസം 20 പേർക്കുള്ള പോഷകാഹാരം വാങ്ങിയിരുന്നെങ്കിലും അറ്റൻഡൻസ് രജിസ്റ്റർറിൽ 13 പേർ ഉൾപ്പെട്ടതിൽ 9 പേർ മാത്രമാണ് പോഷകാഹാരം വാങ്ങിയത്.സെന്റർ നം 84 പാറോത്തുമല 2016 ജനുവരി മാസം 30 കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയത് അറ്റൻഡൻസ് രജി പ്രകാരം 14 കുട്ടികളിൽ 12 കുട്ടികളാണ് പോഷകാഹാരം വാങ്ങിയത്.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ച പോഷകാഹാരം വിതരണം നടത്തുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അറ്റഡൻസ് രജിസ്റ്റർ പ്രകാരം ആവശ്യമായ കുട്ടികൾക്ക് പോഷകാഹാരം വാങ്ങി വിതരണം നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 <u>ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികൾ</u>

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2011-12 ലാണ് ജലനിധി പദ്ധതികൾ ആരംഭിച്ചത്.നാളിതുവരെയായി ഏറ്റെടുത്ത 33 പദ്ധതികളിൽ 31 എണ്ണം പൂർത്തിയായിട്ടുണ്ട്.ഇതിൽ കാർത്തികപുരം, മങ്കവള എന്നീ പദ്ധതികൾ ഉപേക്ഷിച്ചു. കാർത്തികപുരം പദ്ധതിക്കുവേണ്ടി നൽകിയ തുക 2,13,174/- രൂപ ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്.മങ്കവള പദ്ധതിക്ക് വേണ്ടി 22-04-13 ന് നൽകിയ 2,17,525/-രൂപ (1,70,912/- രൂപ സംസ്ഥാന സർക്കാർ വിഹിതം + 46,613/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതം) നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജലനിധി പദ്ധതിയുടെ അക്കൗണ്ടിൽ 31-03-16 ൽ വിവിധ പദ്ധതികൾക്ക് നൽകുന്നതിനായി 12,48,723/- രൂപ നീക്കിയിരിപ്പുണ്ട് . ഇതിൽ 1,89,113 രൂപ സർക്കാർ വിഹിതവും, 8,46,521 രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും, 2,13,089 രൂപ പലിശയുമാണ്.

## 3-11 <u>പശ്ചിമഘട്ട വികസന പദ്ധതി :</u>

ഗ്രാമഞ്ചായത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൻ കീഴിൽ പരപ്പ, മൂന്നാംതോട് താളിപ്പാറ എന്നീ നീർത്തട വികസന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഓഡിറ്റ് വർഷം താളിപ്പാറ നീർത്തട വികസന പദ്ധതിക്ക് പശ്ചിമഘട്ട വികസന ഫണ്ടിനത്തിൽ 28,03,000/- രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതമായി 3,50,375/- രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽ പദ്ധതികളിൽ പരപ്പ, മൂന്നാംതോട് എന്നിവയുടെ പ്രവർത്തനം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26-09-16 ലെ 288/15/WGDP/DPO/KNR കത്തിലെ നിർദ്ദേശാനുസരണം അവസാനിപ്പിച്ചെന്ന് കൃഷി ഓഫീസർ അറിയിച്ചു.താളിപ്പാറ പദ്ധതി ഇപ്പോൾ തുടർന്നു വരുന്നുണ്ട്. ഈ പദ്ധതികൾ അവസാനിപ്പിച്ചപ്പോൾ, പരപ്പ പദ്ധതിയിൽ 28,851/- രൂപയും ,

മൂന്നാംതോട്പദ്ധതിയിൽ 12,372/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി കൃഷിഓഫീസറുടെയും പ്രസിഡന്റിന്റെയും പേരിലുള്ള പശ്ചിമഘട്ട വികസന പദ്ധതി അക്കൗണ്ടിൽ ചെലവഴിക്കാതെ ബാക്കിയുണ്ട്. മേൽ തുക( 41,223/- രൂപ )തിരികെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി അവലോകനം

ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിലേക്കായി 21 ഗുണഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ടുള്ള ലിസ്റ്റ് 05-10-07 ലെ 155/07 നമ്പർ ഭരണ സമിതി യോഗ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട് . 10 പേർ വീട് ആവശ്യമുള്ളവരായി ഉള്ളതിൽ , 5 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ രണ്ടാം ഘട്ട പദ്ധതി 32 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 26-08-13 തിയ്യതിയിലെ 90/13 ഭരണസമിതി തീരുമാനം നമ്പർ പ്രകാരം അംഗീകരിച്ചു.വീട് ആവശ്യമുള്ള 21 പേരിൽ കേവലം 2 പേർക്കാണ് ധനസഹായം ലഭിച്ചത്.10 പേർക്ക് വീട് റിപ്പയർ ആവശ്യത്തിന് ധനസഹായമാവശ്യമായുള്ളതിൽ 2 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . വീട് വയ്ക്കാൻ സ്ഥലം ,കുടിവെള്ള സൗകര്യം എന്നിവ ആവശ്യമുള്ളവർക്ക് ആർക്കും തന്നെ രണ്ട് ഘട്ടങ്ങളിലും ധനസഹായം അനുവദിച്ചിട്ടില്ല .

ആശ്രയ പദ്ധതിക്ക് ചാലഞ്ച്ഫണ്ടിനത്തിൽ ഒന്നാം ഘട്ടത്തിൽ 1,64,267/-രൂപയും രണ്ടാം ഘട്ടത്തിൽ 2,34,000/- രൂപയും ലഭിച്ചിട്ടുണ്ട്.ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ചികിത്സ,വസ്ത്രം, വിദ്യാഭ്യാസം എന്നിവ നല്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ പുരോഗതി തീർത്തും പരിതാപകരമാണ്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുവാനുള്ള സത്വരനടപടികൾ ഉണ്ടാകേണ്ടതാണ്.

## 3-13 പാലിയേറ്റീവ് പരിചരണം- പ്രവർത്തന വിശകലനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 193 ഗുണഭോക്താക്കൾ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ അവശരായ രോഗികൾക്കും ആശ്രയ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. അവശത അനുഭവിക്കുന്ന, പരസഹായം കൂടാതെ പ്രാഥമികകാര്യങ്ങൾ ചെയ്യാൻ കഴിയാത്തവരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടില്ല.

ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന വിവിധ തരം പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതുസമൂഹത്തിന്റെ പിന്തുണ ആവശ്യമാണ്. 2015-16 വർഷം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽനിന്ന് സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. രോഗികൾക്കാവശ്യമായ വാട്ടർ ബെഡ്, വീൽ ചെയർ എന്നിവ സന്നദ്ധസംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും സൗജന്യമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഹോം കെയർ സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പ്രാദേശികമായി വിഹിതം സമാഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

ഗുണഭോക്താക്കളുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ പ്രത്യേകം തയ്യാറാക്കുകയും, ഗുണഭോക്താക്കൾക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ ആവശ്യകത തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തുതലത്തിൽ ഹോം കെയർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ കമ്മിറ്റി മാസം തോറും യോഗം ചേർന്നിട്ടില്ല എന്ന് കാണുന്നു.

പഞ്ചായത്ത് പരിധിയിൽ ഓരോ മാസവും 10 ഹോം വിസിറ്റുകൾ നടത്തുന്നുണ്ട്. ഹോം വിസിറ്റ് ടീമിൽ ഒരു പാലിയേറ്റീവ് നേഴ്സ്, ആശാവർക്കർ,വാർഡ് മെമ്പർ, വളണ്ടിയർ എന്നിവർ അംഗങ്ങളായുണ്ട്. ടീമിൽ ഒരു നേഴ്സിന്റെ സേവനം മാത്രമേ ലഭ്യമായിട്ടുള്ളൂ.

പാലിയേറ്റീവ് കെയർ മേഖലയിൽ 2015-16 വർഷം പ്രൊജക്ട് നം. 106/15-16പ്രകാരം 3,20,000/- രൂപ വകയിരുത്തിയതിൽ 3,19,998/- ചെലവഴിച്ചിട്ടുണ്ട്.പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് സ്വന്തമായി വാഹനമില്ലാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(എം.എസ്.)228/2012/ ത.സ്വ.ഭ.വ. തീയതി 23-8-12 പ്രകാരമുള്ള മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം പാലിയേറ്റീവ് പരിചരണം നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 മഹാത്മാ ഗാന്ധിതൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ്+പലിശ | ആകെ വരവ് | ചെലവ് | ബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 20,377.00 | 1,70,62,973.00 | 1,70,83,350.00 | 1,70,82,915.00 | 435.00 | 99.99 |

1. 2. ഭരണചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണ | 6 % ഭരണചെലവ് | അധികം | അധികം % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെലവ് | | | |
| 2015-16 | 1,70,83,213.00 | 4,59,991.00 | 9,98,665.00 | - | - |

3. വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ്

| വർഷം | വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ് പ്രകാരം നിർദ്ദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | % |
|---|---|---|---|
| 2015-16 | 251 | 251 | 100 |

4. നൂറുദിന തൊഴിൽ- പൂർണ്ണ ലക്ഷ്യം നേടിയില്ല

2015-16 വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. തൊഴിൽ ആവശ്യപ്പെട്ട 1952കുടുംബങ്ങളിൽ 17 പേർക്ക് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമവികസന കമ്മീഷണറുടെ 10.07.2008 ലെ 15/29/NREG സെൽ/2008 സി ആർ ഡി സർക്കുലർ പ്രകാരം ആഴ്ചയിലൊരു ദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

6. ത.സ്വ.ഭ.വകുപ്പിന്റെ 16.05.2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ആയത് പ്രസിദ്ധീകരിച്ചിട്ടില്ല.

7. സർക്കുലർ നമ്പർ 71990/ഡിഡി 2/11/ ത.സ്വ.ഭ.വ,തീയ്യതി 26.03.2012 പ്രകാരം അർഹരായ മുഴുവൻ എസ് സി/ എസ് ടി കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം എന്നിരിക്കെ ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 57 എസ് സി കുടുംബങ്ങളിൽ 48കുടുംബങ്ങളും 358 എസ്. ടി കുടുംബങ്ങളിൽ 260 കുടുംബങ്ങളും മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. അർഹരായ മുഴുവൻ കുടുംബങ്ങളേയും പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | 2015-16 ൽ ലഭിച്ച തുക | ലഭിച്ച ആകെ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| കേന്ദ്രവിഹിതം (ICDS) | 2,73,713 | 6,16,991 | 8,90,704 | അംഗൻവാടി പോഷകാഹാരം | 4,34,708 | 4,55,996 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് 24,28,000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽനൽകാത്തതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ.നം. | കണവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ /വൗച്ചർ നം. /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ.കെ.എ | കാഞ്ഞിരക്കയം-നറുക്കുംകര കോളനി റോഡ് പൈപ്പ് കൾവർട്ട് | 9942993/10-10-15 | 50,000 | --- | 50,000 |
| 2 | വിജയൻ | മണിയംകൊല്ലി- | 19/15-16/15-12-15 | 85,000 | ---- | 85,000 |

| | | | | | | |
|---|---|---|---|---|---|---|
| | പുളിവിളയിൽ | മുതുശ്ശേരി റോഡ് | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം/ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2015-16 | ഇ എം എസ് ഭവന പദ്ധതി- ജി.ഒ(എം.എസ്) 274/10 /ത.സ്വ.ഭ.വ/ തീ 27-01-2010 | 1,24,45,500 | 62,22,750 | 12,44,550 | – | 49,78,200 |
| 2015-16 | മണക്കടവ് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം- എ2-1280/97/RDB/ 31-03-97 | 36,75,562 | 2205338 | 3,67,556 | - | 18,37,782 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | 3,36,79,870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | 4,83,41,491 |
| വരവിനങ്ങളിലുള്ള നഷ്ടം | 31,200<br>+പലിശ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,54,000 |

*Receipt & Payment Statement പ്രകാരം

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 31,200 | | ഡി. നാരായണൻകുട്ടി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെട്ടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 40,000 | ഡോ.ബിജോയി വർഗ്ഗീസ്,വെറ്ററിനറി സർജൻ |
| 3-5 | 14.000 | ഡോ.ബിജോയി വർഗ്ഗീസ് |
| 3-6 | 3,00,000 | ഡോ.ബിജോയി വർഗ്ഗീസ് |
| ആകെ | 3,54,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ3-7 - 14,357

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.ഡി.നാരായണൻകുട്ടി,സെക്രട്ടറി | സെക്രട്ടറി,ചെറുതാഴം ഗ്രാമപഞ്ചായത്ത് | ഡേർമൽ, അരിയിൽ<br>പട്ടുവം.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്/കെ.എൻ.ആർ/ഡി3 /765/09<br>തീയ്യതി 13.04.12 | 7 | |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ഡി3 /198/10<br>തീയ്യതി 3.03.10 | 7 | |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി6/928/12<br>തീയ്യതി 9.07.12 | 6 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി6 /1370/14(2)<br>തീയ്യതി 29.09.14 | 20 | |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി8 /1768/11<br>തീയ്യതി 26.04.12 | 15 | |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി6 /1141(1)/15<br>തീയ്യതി 05.08.15 | 8 | |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി6 /1141(1)/15<br>തീയ്യതി 05.08.15 | 9 | |
| 2010-11 &2011-12 | കെ.എസ്.എ/കെ,എൻ.ആർ/സി6 13457/15(1) തീ19-9-15 | 11 | |
| 2012-13& 2013014 | കെ.എസ്.എ/കെ,എൻ.ആർ/സി6 334/16 തീ13-4-16 | 5 | |
| 2014-15 | കെ.എസ്.എ/കെ,എൻ.ആർ/സി6 /1454/16 തീ 09-08-16 | 8 | |

ഡെപ്യൂട്ടി ഡയരക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം കണ്ണൂർ

## അനുബന്ധം-1

# AUDIT CERTIFICATE

No KSA/KNR-C3-64 /2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE, KANNUR

PHONE: 04972707698

E-mail lfaddistofficeknr@gmail.com

Dated 8.02.2017

Certified that I have audited the Annual Financial Statement of Udayagiri Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Udayagiri Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure

Deputy Director ,

District Audit Office, Kannur

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം കെ എസ് എ കെ എൻ ആർ-സി3-64 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഫോൺ 0497-2707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി:08.02.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-)0 വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)0 വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

**അനുബന്ധം- 2**

# Income And Expenditure Statement 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 1660986.00 |
| 130000000 | Rental Income from panchayat properties | I-3 | 243966.00 |
| 140000000 | Fees & User Charges | I-4(b) | 152299.00 |
| 150000000 | Sale & Hire Charges | I-5(b) | 48378.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 85628669.00 |
| 171000000 | Interest Earned | I-8 | 17538.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 7266.00 |
| A | Total Income | | 87759102.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 5992749.00 |
| 220000000 | Administrative Expenses | I-11(b) | 630371.00 |
| 230000000 | Operations & Maintenance | I-12(b) | 2402758.00 |
| 240000000 | Interest & Finance Charges | I-13 | 19256.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 10537320.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 27305563.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 977392.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 356052.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 28498872.00 |
| 255000000 | Maintance Projects | I-14(e) | 9977379.00 |
| 272000000 | Depreciation | I-17(a) | 1106589.00 |
| B | Total Expenditure | | 87804301.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (45199.00) |
| D= 280000000 | Prior Period Item | I-18 | 1302681.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (1347880.00) |

| | | | |
|---|---|---|---|
| | | | |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-3

# Reciept And Payment Statement for the PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 18906862.00<br>129555.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 504580.00 |
| 130000000 | Rental Income from panchayat properties | RP-3 | 29000.00 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | RP-4 | 106450.00 |
| 150000000 | Sale & Hire Charges | RP-5 | 44693.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6464544.00 |
| 171000000 | Interest Earned | RP-9 | 17538.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24960479.00 |
| 350000000 | Other Liabilities | RP-36 | 14800.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 666.00 |
| 311000000 | Earmarked Funds | RP-29 | 4029.00 |
| 340000000 | Deposits Received | RP-34 | 120635.00 |
| 350000000 | Other Liabilities | RP-36 | 204773.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1197683.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 10000.00 |
| Grand Total | | | 52716287.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1459680.00 |
| 220000000 | Administrative Expenses | RP-12 | 630371.00 |
| 230000000 | Operations & Maintenance | RP-13 | 667271.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4902321.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11237012.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 977392.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 277267.00 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 307582.00 |
| 255000000 | Maintance Projects | RP-20 | 9977379.00 |
| 280000000 | Prior Perid Items | RP-26 | 93075.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 20377.00 |
| 350000000 | Othes Liabilities | RP-36 | 4118279.00 |
| Non Operating | | | |
| 240000000 | Interest and finance charges | RP-14 | 19256.00 |
| 311000000 | Earmarked Funds | RP-29 | 3500.00 |
| 330000000 | Secured Loans | RP-32 | 1612106.00 |
| 340000000 | Deposits Received | RP-34 | 94563.00 |
| 350000000 | Other Liabilities | RP-36 | 2199580.00 |
| 410000000 | Fixed Assets | RP-38 | 1872862.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | RP-40 | 7952268.00 |
| 460000000 | Loans, Advances and Deposits | RP-47 | 3500.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 4276173.00<br>98623.00 |
| Grand Total | | | 52716287.00 |

**അനുബന്ധം-4**

# Balancesheet OF UDAYAGIRI GRAMA PANCHAYAT AS ON 31-3-2016

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 14960491.00 |
| 311000000 | Earmarked Funds | B-2 | 1215.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 26685973.00 |
| | Total Reserve & Surplus | | |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2303218.00 |
| | Total Grants,Contribution for specific purposes | | 2303218.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6815980.00 |
| | Total Loans | | 6815980.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 759377.00 |
| 350000000 | Other Liabilities | B-9 | 657018.00 |
| | Total Current Liabilities and Provisions | | 1416395.00 |

| | | | |
|---|---|---|---|
| | | | |
| | TOTAL LIABILITIES | | 52183272.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 46473153.00 |
| 411000000 | Accumulated Depreciation | B-11 | (5720049.00) |
| 412000000 | Capital Work In Progress | B-11(a) | 929884.00 |
| | Total Fixed Assets | | 41682988 |
| | Current Assets,Loans and Advances | | |
| 430000000 | Stock in hand | B-14 | 188170.00 |
| 431000000 | Sundry Debtors (Receivables) | B-15 | 940918.00 |
| 440000000 | Pre-paid Expenses | B-16 | 4978200.00 |
| 450000000 | Cash and Bank balance | B-17 | 4374796.00 |
| 460000000 | Loans, Advances and Deposits | B-18 | 18200.00 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 10500284.00 |
| | TOTAL ASSETS | | 52183272.00 |